
സംഭാഷണം ● വി.കെ കുട്ടു ഉളിയിൽ / *പ്രബോധനം* പ്രതിനിധി



# *പ്രബോധനം* വായിച്ച് പ്രസ്ഥാനത്തിലേക്ക്

**? ജമാഅത്തെ ഇസ്‌ലാമിയെ പരിചയപ്പെടുന്നതെങ്ങനെയാണ്**

മദ്രാസ് ഗവൺമെന്റിനു കീഴിലെ മൃഗസംരക്ഷണ വകുപ്പിലായിരുന്നു എനിക്ക് ജോലി. ലൈവ് സ്റ്റോക്ക് ഇൻസ്‌പെക്ടർ തസ്തികയിലായിരുന്നു. 1955-ൽ മംഗലാപുരത്തായിരുന്നു ആദ്യ നിയമനം. പിന്നീട് 1956-ൽ കാസർകോട്ടേക്ക് മാറി. അവിടെ പി.ഡബ്ലിയു.ഡിയിൽ ജോലിചെയ്തിരുന്ന തലശ്ശേരി സ്വദേശി കെ.പി. അബ്ദുൽ ഖാദിർ സാഹിബ് എന്റെ അകന്ന ബന്ധുവായിരുന്നു. ഞങ്ങൾ പല വിഷയങ്ങളെക്കുറിച്ചും സംസാരിക്കാറുണ്ടായിരുന്നു. ഒരു ദിവസം അദ്ദേഹമെനിക്ക് *ദ മെസ്സേജും പ്രബോധനവും* വായിക്കാൻ തന്നു. 1959-ലായിരുന്നു അത്.

പക്ഷേ, ഞാനന്ന് തീർത്തും ഭൗതികനായിരുന്നു. മതബോധം തീരെ ഉണ്ടായിരുന്നില്ല. നമസ്കാരം പോലും നിർവഹിച്ചിരുന്നില്ല. സാമുദായിക മനസ്സും എനിക്കുണ്ടായിരുന്നില്ല. എങ്കിലും 12 രൂപ നൽകി ഞാൻ *പ്രബോധന*ത്തിനും *മെസ്സേജി*നും വരിചേർന്നു. *പ്രബോധന*ത്തിന് കാൽ രൂപയും *മെസ്സേജി*ന് അര രൂപയുമായിരുന്നു.

**? മതബോധവും അനുഷ്ഠാനങ്ങളും ഇല്ലാതിരിക്കാൻ കാരണം**

എന്റെ മതബോധം നഷ്ടപ്പെടുത്തിയതും ദീനിൽനിന്ന് അകറ്റിയതും മുസ്‌ലിയാക്കന്മാരും പള്ളിദർസിലെ പഠനവും ആയിരുന്നു. തലശ്ശേരി ആലി ഹാജിയുടെ പള്ളിയിലായിരുന്നു ഞാൻ കിതാബോതിയത്. പക്ഷേ, ആ കിതാബോത്ത് കൊണ്ട് എനിക്കൊന്നും നേടാൻ കഴിഞ്ഞില്ല. അല്ലാഹുവിലുള്ള വിശ്വാസം വരെ ശരിയായ രൂപത്തിൽ മനസ്സിലാക്കാൻ സാധിച്ചില്ല. പ്രവാചകന്മാരുടെ ചരിത്രവും പഠിക്കാനായില്ല. നബിമാരുടെ ചരിത്രത്തെക്കുറിച്ച് ചില വിവരങ്ങളൊക്കെ എനിക്ക് ലഭിച്ചത് തലശ്ശേരി ബി.എം.സി ഹൈസ്കൂളിൽ പഠിക്കുമ്പോൾ പങ്കെടുത്ത ബൈബിൾ ക്ലാസ്സുകളിൽനിന്നായിരുന്നു.

എനിക്ക് ഏറ്റവും പ്രയാസമുണ്ടാക്കിയ ഒരു സംഭവമുണ്ട്: പള്ളിദർസിലെ ഉസ്താദ് ഒരു ദിവസം ഭക്ഷണം കഴിക്കാൻ വീട്ടിൽ വന്നു. ഭക്ഷണം കഴിച്ച് പോകാനിറങ്ങിയപ്പോൾ എന്റെ ഉമ്മാമ എന്നെക്കുറിച്ച് ഉസ്താദിനോട് ഇങ്ങനെ പറഞ്ഞു: 'ഉപ്പയില്ലാത്ത കുട്ടിയാണ്. പ്രത്യേകം ശ്രദ്ധിക്കണം'. ഉമ്മാമ ഇത് പറഞ്ഞത് ഒരു മറയുടെ പിറകിൽനിന്നായിരുന്നു. ഒന്നും മിണ്ടാതെ ഉസ്താദ് പോയി. അടുത്ത ദിവസം പള്ളിയിൽ വിദ്യാർഥികളുടെ ഇടയിൽ വെച്ച് ഉസ്താദ് എന്നോട് ചോദിച്ചു: 'അന്യപുരുഷന്മാരോട് സംസാരിക്കാൻ പാടില്ലെന്ന് നിന്റെ ഉമ്മാമക്കറിയില്ലേ? തറവാട്ടിൽ പിറന്ന പെണ്ണല്ലേ. അന്യ പുരുഷന്മാരോട് സംസാരിക്കാൻ പാടുണ്ടോ?'

ഈ വാക്കുകൾ എന്റെ മനസ്സിലുണ്ടാക്കിയ മുറിവ് വളരെ വലുതായിരുന്നു. അതോടെ എനിക്ക് മുസ്‌ലിയാക്കന്മാരോടും മതത്തോടുമൊക്കെ വെറുപ്പായി. ആരാധനകൾ നിർവഹിക്കുന്നതും കുറഞ്ഞു. തീരെ ഇല്ലാതായി എന്നുതന്നെ പറയാം. ഒരു വർഷം ഞാൻ ബാംഗ്ലൂരിൽ പഠിച്ചു. ഹോസ്റ്റലിലായിരുന്നു താമസം. അവിടെ അടുത്തുതന്നെ പള്ളിയുണ്ടായിരുന്നു. ഉൾനാടുകളിൽനിന്ന് ഗ്രാമീണർ കുതിരപ്പുറത്തും കഴുതപ്പുറത്തുമെല്ലാം ജുമുഅക്ക് വരുമായിരുന്നു. പക്ഷേ ഞാൻ ഒരു വഖ്ത് പോലും നമസ്കരിക്കാൻ പോയിരുന്നില്ല. ജുമുഅക്കു പോലും പോയില്ല.

**? ഇതിന് മാറ്റം വന്നത് എങ്ങനെയാണ്**

ഒരു തീവണ്ടിയാത്രക്കിടയിൽ ഒരാളുടെ കൈയിൽ ഒരു പുസ്തകം കണ്ടു. സി.എൻ അഹ്‌മദ് മൗലവിയുടെ 'ഇസ്‌ലാമിലെ സാമ്പത്തിക വ്യവസ്ഥ'യായിരുന്നു അത്. ഒരു കൗതുകത്തിന് അതൊന്നു വായിച്ചു. പുസ്തകമെന്നെ ആകർഷിച്ചു. ഞാൻ പള്ളിദർസിൽനിന്ന് മനസ്സിലാക്കിയ മതമായിരുന്നില്ല അതിൽ കാണാനായത്. ഇതാണോ ഇസ്‌ലാം എന്ന ചിന്ത അത് വായിച്ചതുമുതൽ എന്റെ മനസ്സിലുണ്ടായി. പക്ഷേ, എന്റെ ജീവിതത്തിൽ കാര്യമായ മാറ്റങ്ങളൊന്നും ഉണ്ടായില്ല.

**? ജീവിതത്തിൽ പരിവർത്തനം സംഭവിച്ചത് എപ്പോഴാണ്**

കാസർകോട് എം.എൽ.എ ഉമേശ്വർ റാവിന്റെ പശുവിനെ ഭ്രാന്തൻ നായ കടിച്ചു. അദ്ദേഹം കുതിരവണ്ടി അയച്ച് എന്നെ വിളിപ്പിച്ചു. ഞാൻ പോയി പശുവിന് ഇഞ്ചക്ഷൻ ചെയ്തു, മുറിവുകെട്ടി. 14 ദിവസം ഇഞ്ചക്ഷൻ വെക്കുകയുണ്ടായി.

ഇതെല്ലാം ചെയ്യുമ്പോൾ എന്റെ കൈയിൽ മുറിവുണ്ടായിരുന്നു. മുറിവിലൂടെ വൈറസ് ശരീരത്തിൽ പ്രവേശിക്കാം, എനിക്ക് രോഗം ബാധിക്കുകയും മരണം സംഭവിക്കുകയും ചെയ്യാം. ഇതോർത്തപ്പോൾ എനിക്ക് ഭയമായി. സത്യത്തിൽ മരണത്തെ എനിക്ക് പേടിയുണ്ടായിരുന്നില്ല. ഈ അവസ്ഥയിൽ മരണപ്പെട്ടാൽ 'ശഹാദത്ത് കലിമ ചൊല്ലാതെ, ശരിയായ മുസ്‌ലിമാകാതെ ആണല്ലോ ഞാൻ മരി

ക്കുക' എന്നതായിരുന്നു എന്നെ ഭയപ്പെടുത്തിയത്.

ഈ സംഭവത്തിനുശേഷം ഒരു വെളിച്ചം എന്റെ മനസ്സിലുണ്ടായി. 1959-ൽ ഞാൻ *പ്രബോധനം* വായന ആരംഭിച്ചിരുന്നു. അതെന്നെ സ്വാധീനിച്ചു. ഐ.പി.എച്ച് പുറത്തിറക്കിയ മുഴുവൻ പുസ്തകങ്ങളും ഞാൻ വാങ്ങി. അന്ന് 15/16 പുസ്തകങ്ങളാണുണ്ടായിരുന്നത്. അവ മുഴുവൻ പാർസലായി വരുത്തി വായിച്ചു. എനിക്ക് ജമാഅത്തെ ഇസ്‌ലാമിയിലേക്ക് കടന്നുവരണമെന്ന് ആഗ്രഹമുണ്ടായി. ഹാജി സാഹിബിനെ കാണണമെന്നും ആഗ്രഹിച്ചു. ആയിടെ, വി.കെ ഇസ്സുദ്ദീൻ മൗലവി കൈക്കോട്ടുകടവിൽ വരുന്നുണ്ടെന്നറിഞ്ഞു. വി.പി. അബ്ദുല്ല ഹാജിയുടെ വീട്ടിൽ പോയി അദ്ദേഹത്തെ കണ്ടു.

ഹാജി സാഹിബിനെ കാണാനുള്ള ആഗ്രഹം അറിയിച്ചു. പക്ഷേ, എനിക്കതിന് അവസരമുണ്ടായില്ല. ഹാജി സാഹിബ് അതിനിടെ മരണപ്പെട്ടു.

**? വായന ഏതുവിധത്തിലാണ് താങ്കളെ സ്വാധീനിച്ചത്**

ഒരു ഇസ്‌ലാമിക പ്രവർത്തകനെ വായന പല രീതിയിലും സ്വാധീനിക്കും. വായനയിൽനിന്ന് ലഭിക്കുന്ന നന്മകൾ ജീവിതത്തിൽ പകർത്തുകയെന്നതാണ് അതിൽ പ്രധാനം. വെറുതെ വായിക്കുകയല്ല, ജീവിതത്തിൽ പ്രയോഗവത്കരിക്കാൻ, കർമോത്സുകതയോടെ പ്രവർത്തിക്കാൻ വേണ്ടിയാണ് വായിക്കേണ്ടത്.

എന്റെ ഒരനുഭവം പറയാം: 1960-കളിലെ *പ്രബോധന*ത്തിൽ ഇൻഷുറൻസിനെക്കുറിച്ച് ഒരു ലേഖനം വന്നു. മൗദൂദി സാഹിബിന്റേതായിരുന്നു ലേഖനം. അന്ന് സർക്കാർ സർവീസിലുണ്ടായിരുന്ന എന്റെ ശമ്പളത്തിൽനിന്ന് പ്രീമിയം പിടിച്ചിരുന്നു. ലേഖനം വായിച്ചതോടെ ഞാൻ അസ്വസ്ഥനായി. രണ്ട് പ്രശ്നങ്ങളാണ് എനിക്ക് തോന്നിയത്: ഒന്ന്, പലിശ ഇടപാട്. രണ്ടാമത്തേത് അല്ലാഹുവിൽ ഭരമേൽപിക്കേണ്ട നാം ഭാവിയിൽ സംഭവിക്കാനിരിക്കുന്ന കാര്യങ്ങൾ ഇൻഷുർ ചെയ്യുന്നുവെന്നത്. ലേഖനം വായിച്ച ഉടനെ ഞാനൊരു വെള്ളക്കടലാസെടുത്ത് 'ഇനി മുതൽ എന്റെ ശമ്പളത്തിൽനിന്ന് ഇൻഷുറൻസ് പ്രീമിയം പിടിക്കേണ്ടതില്ലെന്നും ഇതുവരെ എടുത്തത് ഞാൻ ഒഴിവാക്കിയിരിക്കുന്നുവെന്നും' എഴുതിക്കൊടുത്തു. ഒരു കാര്യം തിന്മയാണെന്നറിഞ്ഞാൽ പിന്നെ അത് ജീവിതത്തിൽ കൊണ്ടുനടക്കാറുണ്ടായിരുന്നില്ല.

**? ഏറ്റവുമധികം ആകർഷിച്ച പുസ്തകം**

എന്നെ ഏറ്റവും ആകർഷിച്ച പുസ്തകം അബുൽഅഅ്‌ലാ മൗദൂദിയുടെ *ഖുത്ബാത്* ആണ്. *ഖുത്ബാതു*മായി ബന്ധപ്പെട്ട് ഒരു സംഭവമുണ്ടായി: ഒരിക്കൽ ഞാൻ ചെറുവത്തൂരിലെ കാടങ്കോട് ജുമുഅത്ത് പള്ളിയിൽ നമസ്കരിക്കാൻ കയറി. എന്റെ കൈയിലുണ്ടായിരുന്ന *ഖുത്ബാത്* പള്ളിയിൽ വെച്ച് ഞാൻ നമസ്കരിക്കാൻ നിന്നു. ഈ സമയം പള്ളിയിലെ ഖത്വീബ് അതെടുത്ത് വായിച്ചു. അതിലെ ആശയങ്ങൾ അദ്ദേഹത്തിനിഷ്ടപ്പെട്ടു. പക്ഷേ, പിന്നീടാണ് രചയിതാവിന്റെ പേര് കണ്ടത്- അബുൽഅഅ്‌ലാ മൗദൂദി! അതോടെ അദ്ദേഹം ദേഷ്യപ്പെടാൻ തുടങ്ങി. എന്നോട് കയർത്തു സംസാരിച്ചു. ഞാനും അദ്ദേഹത്തോട് വാദിച്ചു. ഞാൻ അല്ലാഹുവിന്റെ മാർഗത്തിലാണെന്ന് ഖുർആൻ സൂക്തം ഓതി വിശദീകരിച്ചു.

അതിനു മുമ്പ് നമസ്കാരത്തിലൊന്നും എനിക്ക് യാതൊരു കൃത്യനിഷ്ഠയുമുണ്ടായിരുന്നില്ല. സ്ഥിരമായി പള്ളിയിൽ പോകാറുമുണ്ടായിരുന്നില്ല. ചെറുവത്തൂർ എന്റെ ഉമ്മയുടെ നാടായിരുന്നു. കാസർകോട്ട് ജോലി ചെയ്തിരുന്നപ്പോൾ ഞാൻ ദിവസവും ചെറുവത്തൂരിൽ പോയിരുന്നു. ഖത്വീബിന് എന്നെക്കുറിച്ചറിയുകയും ചെയ്യാം. അന്നൊന്നും എന്നെ ഉപദേശിക്കാത്ത, നമസ്കരിക്കാൻ പ്രേരിപ്പിക്കാത്ത വ്യക്തിയാണ് ഞാൻ ദീനീപ്രവർത്തനം നടത്താൻ തുടങ്ങിയപ്പോൾ എന്നെ ശാസിക്കാൻ വന്നത്!

**? പ്രവർത്തനരംഗത്തേക്ക് വരുന്നത് എങ്ങനെയാണ്**

എന്റെ ഓർമയിലെ ആദ്യത്തെ പ്രവർത്തനം കാസർകോട്ട് ഇസ്‌ലാമിക് സ്റ്റഡി സെന്റർ തുടങ്ങിയതാണ്. ഞാനും കെ.പി. അബ്ദുൽ ഖാദിർ സാഹിബുമായിരുന്നു സംഘാടകർ. കാസർകോട് പഴയ ബസ്സ്റ്റാന്റിൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഇബ്‌റാഹീം സാഹിബിന് ഒരു ബിൽഡിംഗുണ്ടായിരുന്നു. അദ്ദേഹം ലീഗുകാരനായിരുന്നു. അതിൽ ഒരു റൂമെടുത്തു. ക്ലാസ് തുടങ്ങാൻ തീരുമാനിച്ചു. ക്ലാസ്സെടുക്കുന്നതിന് പ്രസംഗകനെ ക്ഷണിക്കാൻ ഞങ്ങൾ ആലിയയിലേക്ക് പോയി. ചെമ്മനാട് കടവിൽ അന്ന് തോണിയായിരുന്നു. പുഴ കടന്ന് ആലിയയിൽ ചെന്ന് ത്വാഈ മൗലവിയോട് വിഷയം പറഞ്ഞു. ചിരിച്ചുകൊണ്ട് ത്വാഈ ഉസ്താദ് പറഞ്ഞു: 'കാസർകോട്ടുകാരുടെ ഏറു കൊള്ളണമെന്നുണ്ടെങ്കിൽ ക്ലാസ് തുടങ്ങിക്കോളൂ.' അദ്ദേഹം ക്ലാസ്സെടുക്കാൻ കെ.വി അബൂബക്കർ ഉമരിയെ അയച്ചുതന്നു. നാലാഴ്ചയിലധികം ക്ലാസ് നടന്നു എന്നാണ് എന്റെ ഓർമ. ഫാർമസി ഉടമ അബ്ബാസ്, സൈക്കിൾ ഷോപ്പുകാരൻ അയ്യൂബ് തുടങ്ങി പത്തോളം ആളുകൾ പങ്കെടുത്തിരുന്നു. പിന്നീട് എനിക്ക് ഇരിട്ടിയിലേക്ക് സ്ഥലംമാറ്റം കിട്ടി.

മംഗലാപുരം, കാസർകോട്, ഇരിട്ടി, കൂത്തുപറമ്പ്, തലശ്ശേരി, മാനന്തവാടി തുടങ്ങിയ സ്ഥലങ്ങളിൽ ഞാൻ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറായി ജോലി ചെയ്തിട്ടുണ്ട്. വയനാട്ടിലെ ഒരു എസ്റ്റേറ്റിലും ജോലി നോക്കിയിട്ടുണ്ട്. ഇടക്ക് കുറച്ചുകാലം വിദേശത്തായിരുന്നു.

**? കെ.പി. അബ്ദുൽ ഖാദിർ സാഹിബിനെക്കുറിച്ച് പറഞ്ഞല്ലോ. അദ്ദേഹത്തെ പരിചയപ്പെടുത്താമോ**

എന്റെ ജീവിതത്തിൽ ഞാൻ കണ്ട ഏറ്റവും സജീവ പ്രസ്ഥാന പ്രവർത്തകനായിരുന്നു കെ.പി. ആത്മാർഥതയും ത്യാഗസന്നദ്ധതയും നിറഞ്ഞുനിന്ന പ്രവർത്തകൻ. പ്രസ്ഥാനം അദ്ദേഹത്തിന് ജീവിതം തന്നെയായിരുന്നു. കടന്നുചെന്നിടത്തൊക്കെ പ്രസ്ഥാനത്തിന്റെ സന്ദേശമെത്തിച്ചു. നിരവധി പേർ അദ്ദേഹം മുഖേന ഇസ്‌ലാമിക പ്രവർത്തകരായി മാറിയിട്ടുണ്ട്. കെ.പിയുടെ സ്വഭാവവും സംസാരവും സമീപനവും ആരെയും ആകർഷിക്കുന്നതായിരുന്നു.

ജമാഅത്ത് പ്രവർത്തകനായതിന്റെ പേരിൽ മട്ടന്നൂരിൽ അദ്ദേഹത്തിന് ഊരുവിലക്ക് ഏർപ്പെടുത്തിയതിനാൽ വീടും പറമ്പും ചുരുങ്ങിയ വിലയ്ക്ക് വിറ്റു പോരേണ്ടിവന്നു.

കെ.പി അബ്ദുൽ ഖാദിർ സാഹിബിന്റെ സ്വദേശമായ തലശ്ശേരി മുസ്‌ലിംകൾ ധാരാളമുള്ള സ്ഥലമാണ്. പക്ഷേ, കമ്യൂണിസത്തിലേക്ക് നിരവധി പേർ ആകർഷിക്കപ്പെട്ടു. പാട്യം ഗോപാലൻ, പാട്യം രാജൻ, എ.കെ.ജി തുടങ്ങിയ കമ്യൂണിസ്റ്റ് നേതാക്കൾ അവിടെയുണ്ടായിരുന്നു. സമ്പന്ന മുസ്‌ലിം കുടുംബങ്ങളിൽനിന്നും ധാരാളം പേർ കമ്യൂണിസ്റ്റ് പാർട്ടിക്കാരായി മാറി. ഡെപ്യൂട്ടി സ്പീക്കർ ആഇശ തലശ്ശേരിയിൽ വന്ന് ശരീഅത്തിനെ എതിർത്ത് പ്രസംഗിക്കുകയുണ്ടായി.

കമ്യൂണിസ്റ്റ് പാർട്ടിയിലേക്ക് പോയ മുസ്‌ലിംകളെ ഇസ്‌ലാമിക മാർഗത്തിലേക്ക് തിരിച്ചുകൊണ്ടുവന്നതിൽ മുഖ്യ പങ്ക് വഹിച്ചിട്ടുണ്ട് കെ.പി. പക്ഷേ, അവരൊന്നും ഇസ്‌ലാമികപ്രസ്ഥാനത്തിലേക്ക് കടന്നുവന്നില്ല. ആഡംബര ജീവിതം നഷ്ടപ്പെടുമെന്ന ഭയമായിരുന്നു കാരണം.

കെ.പിയെ സംബന്ധിച്ച ഒരു സംഭവം ഈയിടെ ഗാന്ധിയൻ രാഘവൻ മാസ്റ്റർ അനുസ്മരിക്കുകയുണ്ടായി. ഇരിട്ടിയിലെ ഒരു മുസ്‌ലിം പ്രമാണി ഒരു ബിൽഡിംഗ് നിർമിച്ചു. പഞ്ചായത്തിന്റെ സ്ഥലവും കൂടി ഉൾപ്പെടുത്തിയായിരുന്നു

നിർമാണം. അത് പുറത്തറിഞ്ഞതോടെ വലിയ പ്രശ്നമായി. ഗവൺമെന്റ് അന്വേഷണത്തിന് ഉത്തരവിട്ടു. ഹെഡ് ഓഫ് ദ ഡിപ്പാർട്ട്മെന്റ് ആയ കെ.പിയായിരുന്നു അന്വേഷകൻ. സമ്പത്തും സ്വാധീനവുമുള്ള പ്രമാണിക്കെതിരായി കെ.പി റിപ്പോർട്ട് നൽകില്ലെന്നാണ് എല്ലാവരും പ്രതീക്ഷിച്ചത്. പക്ഷേ, അന്വേഷണം നടത്തിയ കെ.പിക്ക് പ്രമാണി ചെയ്തത് തെറ്റാണെന്ന് ബോധ്യപ്പെട്ടു. അയാൾക്ക് എതിരായി റിപ്പോർട്ട് നൽകി. 'എന്റെ ജീവിതത്തിൽ ഇത്രമാത്രം നീതിമാനായ ഒരു സർക്കാർ ഉദ്യോഗസ്ഥനെ ഞാൻ കണ്ടിട്ടില്ല' എന്നാണ് രാഘവൻ മാസ്റ്റർ കെ.പിയെക്കുറിച്ച് പറഞ്ഞത്. തലശ്ശേരിയിൽ പ്രസ്ഥാനത്തിന് ബീജാവാപം നൽകിയത് കെ.പിയും സി. അബൂബക്കർ സാഹിബുമായിരുന്നു.

ഇരിക്കൂർ സ്വദേശിയായ സി. അബൂബക്കർ സാഹിബ് അധ്യാപകനായിരുന്നു. സജീവ ഇസ്‌ലാമിക പ്രവർത്തകൻ. കർമനിരതനായി ജീവിച്ച മനുഷ്യൻ. തലശ്ശേരിയിൽ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ അദ്ദേഹം മുഖ്യ പങ്കുവഹിച്ചു.

സി. അബൂബക്കർ മാസ്റ്റർ മുഖേന കമ്യൂണിസത്തിൽനിന്ന് രക്ഷപ്പെട്ടവർ നിരവധിയാണ്. അവരിലൊരാളാണ് തലശ്ശേരിയിലെ കെ.പി മൂസക്കുട്ടി. സി നൽകിയ *പ്രബോധന*മാണ് തന്നെ രക്ഷിച്ചതെന്ന് അദ്ദേഹം പറയാറുണ്ട്. കുറച്ചു മുമ്പ് മറ്റൊരാളെ ഞാൻ സന്ദർശിച്ചിരുന്നു. അദ്ദേഹം രോഗിയായിരുന്നു. മേശപ്പുറത്തിരുന്ന കെ.സി അബ്ദുല്ല മൗലവിയുടെ *പരലോകം ഖുർആനിൽ* എടുത്തു കാണിച്ച് അദ്ദേഹം പറഞ്ഞു: 'ഈ പുസ്തകം കുറേ മുമ്പ് കിട്ടിയിരുന്നെങ്കിൽ!' മാർക്സിസ്റ്റ് ചിന്താഗതിക്കാരനായ അദ്ദേഹത്തെ മാറ്റിയ സി. അബൂബക്കർ സാഹിബ് ഏതാനും വർഷങ്ങൾക്കു മുമ്പ് നൽകിയ പുസ്തകമായിരുന്നു അത്.

മെലിഞ്ഞ ശരീരപ്രകൃതമായിരുന്നു സിയുടേത്. അദ്ദേഹം നടന്നുപോകുമ്പോൾ തലശ്ശേരിയിലെ ലീഗുകാർ പരിഹാസത്തോടെ പറയാറുണ്ടായിരുന്നു: 'ജമാഅത്തുകാരുടെ ഹുകൂമത്തെ ഇലാഹി നടപ്പിലായാൽ റവന്യൂ ഇൻസ്പെക്ടറാവുക ആ പോകുന്ന ആളാണ്!'

### ? ആദ്യകാല പ്രവർത്തനങ്ങൾ

സ്കോഡുകളും *പ്രബോധന*ത്തിന്റെ പ്രചാരണവുമായിരുന്നു മുമ്പ് പ്രധാന പ്രസ്ഥാനപ്രവർത്തനങ്ങൾ. അതിലൂടെ ആളുകളെ കാണാനും സംസാരിക്കാനും സാധിച്ചിരുന്നു. ഒരാഴ്ചയിൽ രണ്ടോ അതിലധികമോ സ്കോഡുകളുണ്ടാകും. പുസ്തകങ്ങൾ ആളുകൾക്ക് വായിക്കാൻ കൊടുക്കും. പുസ്തകങ്ങൾ കുറവും, സാമ്പത്തികമായി പ്രയാസവുമുണ്ടായിരുന്നു. അതുകൊണ്ട് വായിക്കാൻ കൊടുക്കുന്നവ തിരിച്ചുവാങ്ങും. അന്വേഷണങ്ങൾ നടത്തും. പുസ്തകം കൊടുക്കുമ്പോൾ ഏതെങ്കിലും പേജ് മടക്കിവെക്കും. അതയാൾ വായിച്ചിട്ടുണ്ടോ എന്നറിയാനായിരുന്നു. വായിച്ചിട്ടുണ്ടെങ്കിൽ തിരിച്ചുതരുമ്പോൾ അത് നിവർത്തിയിട്ടുണ്ടാകും. അത്രത്തോളം ശ്രദ്ധിച്ചിരുന്നു. പുസ്തകങ്ങളൊന്നും വെറുതെ പാഴാക്കാനുള്ളതല്ലെന്ന ഉത്തമബോധം ഉണ്ടായിരുന്നു. അപ്രകാരം *പ്രബോധന*വും വായിക്കാൻ കൊടുത്തിരുന്നു.

പല സ്ഥലങ്ങളിലും സ്റ്റഡി സെന്ററുകൾ നടന്നിരുന്നു. നിരവധി യുവാക്കൾക്ക് ഇസ്‌ലാമിനെയും ഇസ്‌ലാമിക പ്രസ്ഥാനത്തെയും പഠിക്കാൻ അതുമുഖേന സാധിച്ചു.

യോഗങ്ങൾ കുറവും സ്കോഡ് പ്രവർത്തനങ്ങൾ കൂടുതലുമായിരുന്നു മുമ്പ്. അത്തരമൊരു പ്രവർത്തനരീതിക്ക് നിരവധി നേട്ടങ്ങളുണ്ടായിരുന്നു. ഇന്ന് യോഗങ്ങൾ കൂടുതലും സ്കോഡുകൾ കുറവുമായി.

### ? *പ്രബോധന*ത്തിന്റെ പ്രചാരണം എങ്ങനെയായിരുന്നു

ഓരോ ഹൽഖക്കും വന്നിരുന്ന *പ്രബോധനം* കോപ്പികൾ സാധ്യമാകുന്നത്ര പ്രവർത്തകർ വീതിച്ചെടുക്കും. വിവിധ പ്രദേശങ്ങളിൽ നടന്നുചെന്ന് വിൽപന നടത്തും. ഞങ്ങൾ പ്രവർത്തിച്ചിരുന്ന പെരിങ്ങാടി ഹൽഖയിലേക്ക് വന്നിരുന്ന 25-30 കോപ്പികൾ ഇപ്രകാരമാണ് വിൽപന നടത്തിയത്. ചിലർ പത്ത് കോപ്പി, മറ്റു ചിലർ 5 കോപ്പി ഇങ്ങനെ സാധ്യമാകുന്നതിനനുസരിച്ച് പ്രവർത്തകർ ഏറ്റെടുക്കും.

ചൊക്ലിയിലെ കെ.പി. മുഹമ്മദ് സാഹിബ് ഇപ്പോഴും എന്റെ മനസ്സിൽ തെളിഞ്ഞുനിൽക്കുന്നു. പെരിങ്ങാടി ഹൽഖയിലെ പ്രവർത്തകനായിരുന്നു അദ്ദേഹം. ഒരു ദിവസം ഉച്ചക്ക് തലശ്ശേരി ടൗൺഹാൾ പരിസരത്തുവെച്ച് ഞാൻ അദ്ദേഹത്തെ കണ്ടുമുട്ടി. എന്തിനാണ് താങ്കൾ തലശ്ശേരിയിൽ വന്നത് എന്ന് ഞാൻ ചോദിച്ചു. അദ്ദേഹത്തിന്റെ മറുപടി എന്നെ അത്ഭുതപ്പെടുത്തി: 'ഹൽഖ വിതരണത്തിനേൽപിച്ച ഏഴു *പ്രബോധനം* കോപ്പികളുണ്ടായിരുന്നു. ആറും ചെലവായി. ഒന്നു മാത്രം ബാക്കിയായി. അത് വിൽക്കാൻ വന്നതാണ്.'

ചൊക്ലിയിൽനിന്ന് രാവിലെ പുറപ്പെട്ടു. പെരിങ്ങാടി, പുന്നോൽ, പിലാക്കൂൽ വഴി തലശ്ശേരിയിലെത്തി. നടന്ന വഴികളിലെല്ലാം *പ്രബോധനം* വിറ്റു. ഒന്ന് വിൽക്കാൻ തലശ്ശേരിയിലെത്തിയിരിക്കുന്നു! ഞാൻ അദ്ദേഹത്തെ കൂട്ടി ചായ കുടിക്കാൻ ഹോട്ടലിൽ കയറി. അദ്ദേഹം വയറു പിടിച്ച് കരയുന്നു. അസഹനീയമായ വയറുവേദനയുണ്ടായിരുന്നു അദ്ദേഹത്തിന്. അത് സഹിച്ചാണ് ഒരു കോപ്പി *പ്രബോധന*വുമായി തലശ്ശേരി ടൗണിലെത്തുന്നത്. ഓർത്തുനോക്കൂ, ആ ചിത്രം! അതായിരുന്നു അന്നത്തെ പ്രസ്ഥാനപ്രവർത്തനം. അദ്ദേഹം ചൊക്ലിയിൽനിന്ന് തലശ്ശേരിയിലേക്ക് നടന്നുതീർത്ത വഴികളിലെല്ലാം ഇന്ന് ഹൽഖകളുണ്ട്. ജീവിതം നൽകി ആ തലമുറ വളർത്തിയെടുത്തതാണ് ഈ പ്രസ്ഥാനം. ■